(സി) & (ഡി) എലക്ട്രിസിറ്റി നടപ്പിൽ വരുത്തുവാൻ വേണ്ടതായ സാമഗ്രികൾക്കു വില വളരെ കൂടിയിരിക്കുന്നതിനാൽ സ്കീം നീട്ടിവെച്ചിരിക്കയാണു്.

മിസ്റ്റർ എൻ. വി. സുബ്രഹ്മണ്യൻചെട്ടിയാർ : വില കുറവു വരുന്ന കാലത്തു് ഈ സ്കീം നടപ്പിൽ വരുത്താൻ സാധിക്കുമോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ആലോചിക്കാം.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ : വില ഇപ്പോൾ എത്രമാത്രം വർദ്ധിച്ചിട്ടുണ്ടു് ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ ; ചില സാധനങ്ങൾക്കു വ ം % വരെ കൂടീട്ടുണ്ടു്.

VIGILANCE COMMITTEE MEMBER, MULANTURUTHI—COMPLAINT AGAINST

58. മിസ്റ്റർ കെ. പി. വള്ളോൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി തരുമോ.—

മുളന്തുരുത്തി വില്ലേജിൽ നിയമിക്കപ്പെട്ടിട്ടുള്ള വിജിലൻസ്സു് കമ്മിറ്റി മെമ്പർ സാധുക്കളായ അധഃകൃതരെ മൃഗീയമായ വിധത്തിൽ മർദ്ദിക്കുന്നതിനെപ്പറ്റി ഫ്രഫ മുതൽ ഫ്രഫ വരെ ഗവൺമെണ്ടിലേക്കു കിട്ടീട്ടുള്ള ഹർജികൾ എത്രയെന്നു പറയുവാൻ ദയവുണ്ടാകുമോ ?

റാവു ബഹദൂർ എം. നാരായണമേനോൻ: മുളന്തുരുത്തി വില്ലേജിൽ ഫ്രഫ-ൽ ഫ്ര മെമ്പർമാരും ഒരു പ്രസിഡണ്ടും ഉണ്ടായിരുന്നു. മെമ്പർമാരെ കുറച്ചു ഇപ്പോൾ ൪ ആക്കീട്ടുണ്ടു്. ഇതിൽ ആക്ഷേപം ഏതു മെമ്പരെപ്പറ്റിയാണെന്നു വ്യക്തമാക്കിയാലല്ലാതെ മറുപടി പറയുവാൻ സാധിക്കുന്നതല്ല.

മിസ്റ്റർ കെ. പി. വള്ളോൻ : മെമ്പർമാരിൽ ആരുടെയെങ്കിലും പേരിൽ ആക്ഷേപം കിട്ടീട്ടുണ്ടോ എന്നു പറഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ എം. നാരായണമേനോൻ : തേവൻ എന്ന ഒരാൾ അപ്പൊറീഷൻ അയച്ചിട്ടുണ്ടു്. അതു് വക്കീ എന്ന ഒരാളെ സംബന്ധിച്ചാണു്. ആ ആൾ വിജിലൻസ് കമ്മറിമെമ്പറല്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർക്കു് ഈ വക്കീയെപ്പറ്റിയാണു് അറിയേണ്ടതെങ്കിൽ പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ കെ. പി. വള്ളോൻ : ഏതെങ്കിലും വിജിലൻസ് കമ്മിറ്റിമെമ്പരുടെ പേരിൽ ആക്ഷേപം കിട്ടീട്ടുണ്ടെങ്കിൽ പറഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ എം. നാരായണമേനോൻ : മെമ്പർമാരുടെ പേരിൽ ആക്ഷേപങ്ങളൊന്നും കിട്ടീട്ടില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : നാട്ടിൻപുറങ്ങളിൽ വില്ലേജു വിജിലൻസ് കമ്മിറ്റിമെമ്പർമാരെക്കൊണ്ടു ഉപകാരമോ ഉപദ്രവമോ എന്നുള്ളതു പറഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ എം. നാരായണമേനോൻ : നല്ല മെമ്പർമാരെക്കൊണ്ടു ഉപകാരവും, ചീത്ത മെമ്പർമാരെക്കൊണ്ടു ചിലപ്പോൾ ഉപദ്രവവും ഉണ്ടാകാറുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ : മെമ്പറന്മാരിൽ ആരെങ്കിലും മോശമുണ്ടെന്നു കണ്ടാൽ അവരെ മാറ്റാമോ?

റാവുബഹദൂർ എം. നാരായണമേനോൻ : മോശക്കാരാണെന്നു കണ്ടാൽ ഉടനെതന്നെ മാറ്റാവുന്നതാണു്.

മിസ്റ്റർ പുതൂർ അച്യുതമേനോൻ : ഈ വിജിലൻസ് കമ്മിറ്റി മെമ്പറന്മാരെക്കൊണ്ടു് എന്തെങ്കിലും ഉപകാരമുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ : ഉണ്ടു്. ചില കേസുകൾ അന്വേഷിച്ചു തെളിവുണ്ടാക്കുന്ന കാര്യത്തിലും മറ്റും അവരെക്കൊണ്ടു വലിയ സഹായമുണ്ടാകുന്നുണ്ടു്.

മിസ്റ്റർ എം. കെ. ദേവസ്സി : ഉപദ്രവമുണ്ടായിട്ടുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ : ചിലരിൽനിന്നു് ഉപദ്രവമുണ്ടായെന്നു് വരാം.

മിസ്റ്റർ കെ. പി. വള്ളോൻ : ഈ മെമ്പറന്മാർക്കു വല്ല കേസ്സുകളും തന്നിൽ പറഞ്ഞുതീർക്കാനധികാരമുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ : ഈ കാര്യത്തിൽ മറ്റു സാധാരണ മനുഷ്യർക്കുള്ള അധികാരങ്ങളൊക്കെ അവർക്കുമുണ്ടു്. അല്ലാതെ കൂടുതൽ അധികാരമൊന്നുമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ : അങ്ങിനെ വല്ല കേസ്സുകളും തീർത്തിട്ടുള്ളവരുണ്ടെങ്കിൽ അവരുടെ മേൽ ആക്ഷേപം നടക്കുമോ?

റാവുബഹദൂർ എം. നാരായണമേനോൻ : നിയമവിരോധമായി പ്രവൃത്തിക്കുന്നവരാരായാലും അവരുടെ മേൽ ആക്ഷേപമുണ്ടാകാൻ സാധിക്കും.

COCHINITES RECRUITED FOR WAR

59. Mr. M. K. Devassy *(Adur)*: Will the Government be pleased to state,—

(*a*) whether any of the Cochinites are so far recruited in the British Force after the out-break of the war; and if the answer is in the affirmative,

(*b*) the number of soldiers so recruited from the State?

Rao Bahadur M. Narayana Menon *(Commissioner of Police)*:

(*a*) No information.

(*b*) No reply necessary in view of answer to (*a*).

LIBRARY ARCHIVES Kerala Legislative Assembly